(ബി) അവയിൽ ഏതെല്ലാം നൽകി വിനോദങ്ങൾക്ക് സ്പോർട്സ് കൗൺസിൽ ഇപ്പോൾ പ്രോൽസാഹനം നൽകിവരുന്നു?

ഉത്തരം

(എ) കേരള സ്പോർട്സ് കൗൺസിൽ രൂപമെടുത്തകാലത്ത് താഴെ പറയുന്ന കേരളീയകളികൾ ഉണ്ടായിരുന്നതായി അറിയുന്നു.

1. കളരിപ്പയറ്റ്
2. കിളിത്തട്ട്
3. തലപ്പന്തുകളി
4. കുട്ടിയുംകോലുംകളി.

(ബി) കളരിപ്പയറ്റിന്റെ പ്രോൽസാഹനാർത്ഥം കേരളാ കളരിപ്പയറ്റ് അസോസിയേഷന് ധനസഹായം നൽകിവരുന്നു.

(iv) 1986 ജൂലായ് 10-ാം തീയതിയിലേക്ക് നിശ്ചയിച്ചിരുന്ന ചോദ്യോത്തരങ്ങൾ*

സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാനുള്ള സംവിധാനം

868 [248] ശ്രീ. വി. ജെ. തങ്കപ്പൻ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, പി. എം. അബൂബേക്കർ:
,, കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) സംസ്ഥാനത്തെ സഹകരണ് സ്ഥാപനങ്ങളിൽ 'ഓഡിറ്റിംഗ്' കൃത്യമായി നടക്കുന്നില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഡിറ്റിംഗ് കാര്യക്ഷമമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണവകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാരുടേയും ആ വകുപ്പിലെ വിജിലൻസ് സ്കാഡിന്റേയും കാലാകാലങ്ങളിലുള്ള പരിശോധനയും (മിന്നൽ പരിശോധനയുൾപ്പെടെ) സഹകരണ സംഘം ഓഡിറ്റർമാരുടെ (കൺകറന്റ് ഓഡിറ്റർമാരുൾപ്പെടെ)

*1986 ജൂലായ് 10-ാം തീയതി നിയമസഭ ബഹളം കാരണം നേരത്തേ പിരിഞ്ഞതിനാൽ പ്രസ്തുത ദിവസത്തെ ചോദ്യോത്തരങ്ങൾ അൺസ്റ്റാർഡായിട്ട് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഓഡിറ്റുമാണ് സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനം. കൂടാതെ പോലീസ് വകുപ്പിലുള്ള ഡയറക്ടർ ഓഫ് വിജിലൻസ് ഇൻവെസ്റ്റിഗേഷന്റെ കീഴിലുള്ള വിജിലൻസ് വിഭാഗവും ഈ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുന്നുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കുന്നതിൽ കുടിശ്ശിക വന്നിട്ടുള്ള കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് പൊതുവെ കുടിശ്ശികയിലാണ്. 30-4-1986-ൽ 10295 സംഘങ്ങളുടെ 22243 ഓഡിറ്റുകൾ ചെയ്തു തീർക്കാൻ ബാക്കിനിൽക്കുന്നുണ്ട്.

(സി) ആഡിറ്റുകളിലെ കുടിശ്ശിക ഇല്ലാതാക്കി ഭാവി കൂടുതൽ കാര്യക്ഷമമാക്കാൻ സഹകരണ വകുപ്പിലെ ആഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. കൂടാതെ ആഡിറ്റുകൾ കൃത്യമായി പൂർത്തിയാക്കാൻ രജിസ്ട്രാർക്കും മറ്റ് ഉദ്യോഗസ്ഥന്മാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പല സൊസൈറ്റികളിലും കൺകറന്റ് ഓഡിറ്റർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരമില്ലാതെ നടക്കുന്ന കെട്ടിടനിർമ്മാണം

869 [249] ശ്രീ. എ. സി. ഷൺമുഖദാസ്:
,, വി. സി. കബീർ:
,, സിറിയക് തോമസ്:
,, കെ. കെ. ബാലകൃഷ്ണൻ:
,, എ. കെ. ശശീന്ദ്രൻ:
,, കെ. ശങ്കരനാരായണപിള്ള:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരമില്ലാതെ പൊതുമേഖലയിലും സഹകാര്യമേഖലയിലും സംസ്ഥാനത്തെ പല നഗരങ്ങളിലും കെട്ടിടങ്ങൾ നിർമ്മിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗീകാരമില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചതിനുശേഷം അവ പൊളിച്ചുമാറ്റാൻ നഗരാസൂത്രണവകുപ്പോ വികസന അതോറിറ്റികളോ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എവിടെയെല്ലാം; ആരുടെയെല്ലാം കെട്ടിടങ്ങൾ?

(ഡി) പ്ലാൻ അനുസരിച്ച് കെട്ടിടം വയ്ക്കുന്നതിന് നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരം വാങ്ങണമെന്ന നിബന്ധന ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly